പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 788 — 04/03/2020 ൽ മറുപടിക്ക്

## ഇറച്ചിക്കോഴി വളർത്തൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എം. സ്വരാജ്** | | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി). |
| (എ) | സംസ്ഥാനത്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ഇപ്പോൾ ഇറച്ചിക്കോഴി വളർത്തൽ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'കേരള ചിക്കൻ' എന്ന ബൃഹത്തായ ഒരു പദ്ധതി ഈ മേഖലയിലെ വിവിധ സ്റ്റേക്ക് ഹോൾഡേഴ്സ് ആയ മൃഗസംരക്ഷണ വകുപ്പ്, കെപ്‌കോ, കുടുംബശ്രീ, ബ്രഹ്മഗിരി എന്നിവരെ ഉൾപ്പെടുത്തി രൂപീകരിക്കുകയും ആയതിന്റെ ആവശ്യത്തിലേക്ക് 63 കോടി രൂപയുടെ പ്രോജക്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മൃഗസംരക്ഷണ വകുപ്പിനു കീഴിൽ ബ്രോയിലർ പേരന്റ് സ്റ്റോക്ക് ഫാം നിലവിലില്ല. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ എന്ന സ്ഥലത്ത് 12,000 ബ്രോയിലർ പേരന്റ് സ്റ്റോക്കിനെ വളർത്തുവാൻ സൗകര്യമുള്ള ഫാമിന്റെ പണി പൂർത്തയായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. പ്രവർത്തനം തുടങ്ങുമ്പോൾ ഓരോ ആഴ്ചയിലും 40,000 ഗുണമേന്മയുള്ള ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ കേരളത്തിലുടനീളം കർഷകർക്ക് വിതരണം ചെയ്യാൻ സാധിക്കും. ബ്രോയിലർ മേഖലയിൽ ഇപ്പോൾ കെപ്‌കോ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ സ്വന്തമായി ബ്രോയിലർ പേരന്റ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിപ്പിച്ചുവരുന്നു.<br><br>**<u>കെപ്‌കോ</u>**<br>ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കെപ്‌കോയുടെ ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കെപ്‌കോയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രം നവീകരിക്കുകയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം ഒന്നേകാൽ ലക്ഷത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഈ കേന്ദ്രത്തിൽ ഉത്പാദിപ്പിച്ച് ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് വിതരണം ചെയ്ത് വരുന്നു. |

| | | | |
|---|---|---|---|
| | | | കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്ത് വളർത്തിയെടുത്ത് 40-45 ദിവസം അല്ലെങ്കിൽ രണ്ട് കിലോ ഭാരമുണ്ടാകുമ്പോൾ കെപ്കോ തന്നെ വിലകൊടുത്ത് തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് ഗുണമേന്മയുള്ള ഇറച്ചിയാക്കി മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഇതിനു പുറമേ കോൺട്രാക്ട് ഫാമിംഗ് രീതിയും നടപ്പാക്കി വരുന്നു.<br><br>കൂടുതൽ കർഷകർ ഇറച്ചിക്കോഴി വളർത്തൽ രംഗത്തേക്ക് കടന്നു വരുന്നതനുസരിച്ച് അവർക്കാവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ നൽകുന്നതിന് കൂടുതൽ പാരന്റ് സ്റ്റോക്കിനെ വാങ്ങി വളർത്തുന്നതിന് പുതിയ പൗൾട്രി ഷെഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>**കുടുംബശ്രീ**<br>നിലവിൽ കേരളചിക്കൻ പദ്ധതിയുടെ ഭാഗമായി 800 ബ്രോയിലർ ഫാമുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. കർഷകർക്ക് പുതിയ ബ്രോയിലർ ഫാമുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ വിപുലീകരിക്കുന്നതിനും കുടുംബശ്രീ സാമ്പത്തിക സഹായം നൽകി വരുന്നു. ഉൽപ്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനു വേണ്ടി കുടുംബശ്രീ, കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ച്, തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ മാതൃപിതൃ ശേഖരം (ബ്രീഡർ സ്റ്റോക്ക്) മുതൽ ഹാച്ചറികൾ, മാംസ സംസ്കരണത്തിനുള്ള റെൻഡറിങ്ങ് പ്ലാന്റുകൾ, കോഴിയിറച്ചി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടെ സമ്പൂർണ്ണമായ ഉൽപ്പാദന വിപണന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇറച്ചിക്കോഴി പദ്ധതിയ്ക്ക് നിലവിൽ ഇൻഷുറൻസ് നൽകി വരുന്നില്ല. കാലാവസ്ഥ വ്യതിയാനവും പക്ഷികളിൽ പെട്ടന്ന് വരുന്ന രോഗങ്ങളും കോഴികർഷകർക്ക് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു. ഈ അവസരത്തിൽ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ, കേരളത്തിൽ ആദ്യമായി ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 2,41,050 എണ്ണം കോഴികൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ഇൻഷുറൻസ് നൽകി.<br><br>**ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി**<br>കണ്ണൂർ, കാസർകോഡ്,വയനാട്,കോഴിക്കോട്,മലപ്പുറം, |

| | | | |
|---|---|---|---|
| | | | പാലക്കാട് എന്നിവിടങ്ങളിൽ ഫാമുകൾ നടത്തിവരുന്നു. ഇതുവഴി കർഷകർക്ക് ലാഭമുണ്ടാക്കുവാൻ സഹായിക്കുവാനും ഒരു പരിധിവരെ വിപണിവില നിയന്ത്രിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഉപഭോക്താവിന് ഗുണമേന്മയുള്ള കോഴിയിറച്ചി ഉറപ്പുവരുത്താനും ഇതുവഴി സാധിക്കുന്നു. കേരള ചിക്കൻ പദ്ധതി കേരളം മുഴുവൻ പ്രാവർത്തികമാക്കുന്നതിലൂടെ കേരളത്തിലെ കോഴികർഷകർക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്താൻ സാധിക്കും.<br><br>**<u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ</u>**<br>കുടുംബശ്രീയും എം.പി.ഐ. യുമായി ഉണ്ടാക്കിയ ധാരണ പ്രകാരം കോട്ടയം/എറണാകുളം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് കോഴികളെ എം.പി.ഐ തിരികെ വാങ്ങുന്നതാണ്. ഇതിനു പുറമേ എം.പി.ഐ യ്ക്ക് സ്വന്തമായുള്ള കോഴി ഫാമിൽ ഒരു ബാച്ചിൽ 7,500 കോഴികളെ വളർത്തുന്നു. ദിനംപ്രതി 1,500 കോഴികളെ സംസ്കരിച്ച് വിതരണം ചെയ്ത് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ പ്രചാരണം നടത്തുന്നതിന് നിലവിൽ നടപടി സ്വീകരിച്ച് വരുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | ഫാം ഇൻഫർമേഷൻ ബ്യൂറോ വഴി എല്ലാ ദിവസവും കാർഷിക മേഖലാ വാർത്തകളിലൂടെയും ആകാശവാണി, ടെലിവിഷൻ, പത്രം തുടങ്ങിയ മാധ്യമങ്ങളിലൂടെയും ഇറച്ചിക്കോഴി വളർത്തൽ പദ്ധതികളെക്കുറിച്ച് പൊതു ജനങ്ങൾക്കിടയിൽ പ്രചാരണം നടത്താറുണ്ട്. സ്കൂളുകളിൽ ജനപ്രതിനിധികളും രക്ഷിതാക്കളും ചേർന്ന് വലിയ ചടങ്ങായിട്ടാണ് സ്കൂൾ പൗൾട്രി ക്ലബ് എന്ന പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാറുള്ളത്. കൂടാതെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ രക്ഷിതാക്കൾക്കായി ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കാറുണ്ട്.<br>ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിനെക്കുറിച്ചും അതിന്റെ വിപണന സാധ്യതകളെക്കുറിച്ചും ലഘുലേഖകൾ തയ്യാറാക്കി പൊതുജനങ്ങൾക്കിടയിൽ വിതരണം ചെയ്യാറുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കർഷക പരിശീലന കേന്ദ്രങ്ങൾ(എൽ.എം.റ്റി.സി) വഴി സംസ്ഥാനത്തെ കർഷകർക്ക് രണ്ടു ദിവസത്തെ സൗജന്യ പരിശീലനം നൽകി വരുന്നുണ്ട്.<br><br>ആകാശവാണിയുടെ വാണിജ്യ പ്രക്ഷേപണത്തിലൂടെയും കെപ്കോയുടെ വെബ്സൈറ്റിലൂടെയും, എഗ്ഗർ നഴ്സറികളുമായുള്ള നിരന്തര സമ്പർക്കത്തിലൂടെയും വിവിധ പ്രചാരണ പരിപാടികൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ